# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് അഞ്ച്

Sat ➡

## രക്ഷയുടെ അവകാശികൾ

എബ്രായലേഖനം ഒരു വിശേഷ പുസ്തകമാണ്. പുതിയനിയമത്തിൽ എബ്രായലേഖനത്തിന്റെ അതേ വിഭാഗത്തിൽപ്പെടുന്ന ഒരു പുസ്തകം മാത്രമേയുള്ളൂ — വെളിപ്പാട് പുസ്തകം. എബ്രായലേഖനം എഴുതിയത് അപ്പൊസ്തലനായ പൗലൊസാണെന്ന് ഞാൻ ശക്തമായി വിശ്വസിക്കുന്നു, കാരണം ലേഖനത്തിന്റെ അവസാനം അവൻ തിമൊഥെയൊസിനെ പരാമർശിക്കുന്നു (13:23). പൗലോസ് കുറഞ്ഞപക്ഷം പതിമൂന്നു ലേഖനങ്ങൾ എഴുതി. പുതിയനിയമത്തിലെ എല്ലാ ലേഖനങ്ങളിലുംവച്ച് എബ്രായലേഖനം വളരെ സവിശേഷമായ രീതിയിൽ വേറിട്ടുനിൽക്കുന്നു. ഇത് സാധാരണമല്ല; ഇത് തികച്ചും അസാധാരണമാണ്. വേദപുസ്തകത്തിലെ മറ്റെല്ലാ പുസ്തകങ്ങളിലുംവച്ച് വെളിപ്പാട് പുസ്തകവും വേറിട്ടുനിൽക്കുന്നു. എബ്രായലേഖനവും വെളിപ്പാട് പുസ്തകവും, രണ്ടും ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപാടുകളാണ്, സവിശേഷവും പ്രത്യേകവുമായ രീതികളിൽ അവ ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു. ക്രിസ്തുവിന്റെ പല വശങ്ങളും എബ്രായലേഖനത്തിൽ മാത്രമേ കാണുവാൻ കഴിയൂ, അവന്റെ മറ്റു പ്രത്യേക വശങ്ങൾ വെളിപ്പാട് പുസ്തകത്തിൽ മാത്രമേ കാണുവാൻ കഴിയുകയുള്ളൂ. ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പെടുത്തലിൽ ഈ രണ്ടു പുസ്തകങ്ങളും ഉന്നതവും ആഴമേറിയതും അഗാധവുമാണ്. ഇതുനിമിത്തം, അവ മിക്ക ക്രിസ്ത്യാനികൾക്കും അടഞ്ഞിരിക്കുന്നു. പല ക്രിസ്ത്യാനികൾക്കും നാലു സുവിശേഷങ്ങളിലെ കഥകൾ, വിശ്വാസത്താലുള്ള നീതീകരണം, ശിരോവസ്ത്രം ധരിക്കുന്നതുപോലുള്ള കാര്യങ്ങൾ, കർത്താവിന്റെ മേശ, കൃപാവരങ്ങളുടെ പ്രത്യക്ഷത എന്നിവയെക്കുറിച്ച് സംസാരിക്കുവാൻ കഴിയുമെങ്കിലും, അവർക്ക് എബ്രായലേഖനത്തിന്റെയും വെളിപ്പാട് പുസ്തകത്തിന്റെയും ആഴത്തെ സ്പർശിക്കുവാൻ കഴിയുകയില്ല. ചിലർ വെളിപ്പാട് പുസ്തകത്തോട് ഇടപെടുന്നത് കൊമ്പുകളെയും മൃഗങ്ങളെയും കുതിരകളെയും തേളുകളെയും വെട്ടുക്കിളികളെയും

തവളകളെയും കുറിച്ച് സംസാരിക്കുന്ന രീതിയിലാണ്. മറ്റുചിലർ മഹോപദ്രവത്തിന്റെ ദൈർഘ്യത്തെയോ ഉൾപ്രാപണത്തിന്റെ സമയത്തെയോ കുറിച്ച് സംസാരിച്ചുകൊണ്ട്, ഉന്നതമായ രീതിയിൽ അതിനെ ചർച്ച ചെയ്യുന്നു. എന്നാൽ ദൈവത്തിന്റെ ഭരണനിർവഹണത്തിൽ വളരെ പ്രത്യേകമായി ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്ന രീതിയിലോ, യേശുവിന്റെ സാക്ഷ്യമായിരിക്കുന്ന സ്ഥലം സഭകളുടെ രീതിയിലോ അവർ സംസാരിക്കുന്നത് ഞാൻ ഒരിക്കലും കേട്ടിട്ടില്ല. എന്റെ ചെറുപ്പകാലം മുതൽ, വെളിപ്പാട് പുസ്തകത്തെ ആധാരമാക്കിയുള്ള നിരവധി ദൂതുകൾ ഞാൻ കേട്ടിട്ടുണ്ടെങ്കിലും, വെളിപ്പാട് പുസ്തകം ഏഴു പൊൻനിലവിളക്കുകളോടുകൂടെ ആരംഭിക്കുന്നുവെന്നും നിത്യതയോളം ദൈവത്തിന്റെ വെളിച്ചവുമായി പ്രകാശിക്കുന്ന വിളക്കായ ക്രിസ്തുവിനെ പിടിച്ചുകൊണ്ട്, സ്വർണ മലയായ, നിസ്തുല നിലവിളക്കോടുകൂടെ അവസാനിക്കുന്നുവെന്നും ആരും പറയുന്നത് ഞാൻ കേട്ടിട്ടില്ല. ഈ അന്ത്യനാളുകളിൽ അവന്റെ കരുണയാൽ അവൻ ഈ പുസ്തകങ്ങൾ നമുക്കു തുറന്നുതന്നതിനായി നാം കർത്താവിനെ സ്തുതിക്കുന്നു. ഈ പുസ്തകങ്ങളിൽ അവൻ തന്റെ ക്രിസ്തുവിന്റെ ആഴങ്ങളെ തുറന്നുതന്നിരിക്കുന്നു. ഉപദേശത്തിൽ ഈ പുസ്തകങ്ങൾ ആഴമേറിയതായതുകൊണ്ടല്ല, എബ്രായലേഖനത്തിലേക്കും വെളിപ്പാട് പുസ്തകത്തിലേക്കും ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നത്, പിന്നെയോ അവ ക്രിസ്തുവിനെ അനാവരണം ചെയ്യുന്നതിൽ അഗാധമായതുകൊണ്ടാണ്. മറ്റൊരു പുസ്തകത്തിലും ഇങ്ങനെയുള്ള ഒരു രീതിയിൽ നമുക്ക് ക്രിസ്തുവിനെ കാണുവാൻ കഴിയുകയില്ല. നമ്മുടെ പ്രിയ കർത്താവായ ക്രിസ്തു അത്ഭുതവാനായ ഒരു വ്യക്തിയാണ്. അവൻ വിസ്മയാവഹനും, നമ്മുടെ ഗ്രാഹ്യത്തിനും ഉച്ചാരണത്തിനും അപ്പുറവുമാണ്. അവന്റെ നിഗൂഢതയെ നമുക്ക് ഉച്ചരിക്കുവാൻപോലും കഴിയുകയില്ല. അതുകൊണ്ട്, എബ്രായലേഖനവും വെളിപ്പാട് പുസ്തകവും ഈ അത്ഭുതവാനായ വ്യക്തിയെ വിവരിക്കുവാനും ചിത്രീകരിക്കുവാനും അനാവരണം ചെയ്യുവാനും വിവിധ പദപ്രയോഗങ്ങൾ ഉപയോഗിക്കുന്നു. ഈ രണ്ടു പുസ്തകങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്ന വിശദാംശങ്ങളുടെ പൂർണമായ ഒരു കുറിപ്പെടുക്കുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു.

രക്ഷയുടെ അവകാശികളെക്കുറിച്ചുള്ള ഈ ദൂതിന് ക്രിസ്തുവുമായി യാതൊരു ബന്ധവുമില്ലെന്ന് തോന്നാം. എന്നെ വിശ്വസിക്കൂ, നിങ്ങൾ ക്രിസ്തുവിനെ അറിയുവാൻ പോകുന്നുവെങ്കിൽ, നിങ്ങൾ ഈ ദൂത് അറിഞ്ഞിരിക്കണം, കാരണം ഇതിൽ ക്രിസ്തുവിനെ സംബന്ധിച്ച ഒരു പ്രത്യേക വശം ഉൾക്കൊള്ളുന്നു. ക്രിസ്തു അത്ഭുതവാനും അഗാധനും പരിധിയില്ലാത്തവനും സമ്പന്നനും വിസ്മയാവഹനുമാണ്. ഇങ്ങനെയുള്ളവനെന്ന നിലയിൽ,

നാം എല്ലാവരും രക്ഷയുടെ അവകാശികളായിരിക്കുവാൻ നിശ്ചയമായും അവന് ആവശ്യമുണ്ട്. രക്ഷ ക്രിസ്തുവെന്ന അത്ഭുതവാനായ വ്യക്തിയെക്കാൾ ഒട്ടും കുറഞ്ഞതല്ല. ഏറ്റവും അഗാധനും വിസ്മയാവഹനും പരിധിയില്ലാത്തവനും അളവില്ലാത്തവനുമായ ക്രിസ്തു തന്നെയാണ് നമ്മുടെ രക്ഷ. നാം രക്ഷയുടെ അവകാശികളാണെന്ന് പറയുന്നത് അർഥമാക്കുന്നത് നാം ഈ അഗാധനും വിസ്മയാവഹനും അളവില്ലാത്തവനും പരിധിയില്ലാത്തവനുമായ ക്രിസ്തുവിനെ അവകാശമാക്കുന്നു എന്നാണ്. ക്രിസ്തുവിന്റെ നിഗൂഢത നമ്മുടെ പങ്കാളിത്തം ആവശ്യപ്പെടുന്നു. ക്രിസ്തുവുമായുള്ള നമ്മുടെ പങ്കാളിത്തം ക്രിസ്തുവിന്റെ നിഗൂഢതയെ അനാവരണം ചെയ്യുന്നു.

## I. ആദ്യജാതനായ പുത്രൻ നിയമിക്കപ്പെട്ട അവകാശി ആകുന്നു

തന്റെ വ്യവസ്ഥയിൽ ദൈവത്തിന് ഒരു വലിയ പ്രവർത്തനം ഉണ്ടെന്നു മാത്രമല്ല, അവന് ബൃഹത്തായ സമ്പത്തും ഉണ്ട്. അവന്റെ പ്രവർത്തനത്തിൽ അവൻ നിരവധി കാര്യങ്ങൾ നിർവഹിച്ചിരിക്കുന്നു, നിരവധി കാര്യങ്ങൾ നിർവഹിക്കുവാനും പോകുന്നു. അവൻ നിരവധി കാര്യങ്ങൾ സൃഷ്ടിക്കുകയും പുറപ്പെടുവിക്കുകയും ചെയ്തിരിക്കുന്നു. ഇതിനുവേണ്ടി, അവൻ പുത്രനെ പ്രവർത്തിക്കുന്നവനായിരിക്കുവാൻ മാത്രമല്ല, അവകാശിയായും നിയമിച്ചു. തന്റെ നിർണയത്തിൽ സകലവും ചെയ്യുവാനുള്ള അധികാരവും തന്റെ പ്രവർത്തനത്തിൽ സകലത്തെയും അവകാശമാക്കുവാനുള്ള അവകാശവും അവൻ പുത്രന് നൽകിയിരിക്കുന്നു. ദൈവം പ്രപഞ്ചത്തെ പുത്രനിലൂടെ ഉണ്ടാക്കിയെന്നും സകലത്തിന്റെയും അവകാശിയായിരിക്കുവാൻ പുത്രനെ നിയമിച്ചുവെന്നും എബ്രായർ 1:2 പറയുന്നു. സകലവും പുത്രനാലും പുത്രനുവേണ്ടിയും സൃഷ്ടിക്കപ്പെട്ടുവെന്ന് കൊലൊസ്യർ 1:16 പറയുന്നു. പിതാവു സകലതും പുത്രനു നൽകിയിരിക്കുന്നുവെന്ന് യോഹന്നാൻ 13:3 നമ്മോടു പറയുന്നു. അങ്ങനെ, പുത്രൻ എല്ലാവരുടെയും കർത്താവാകുന്നു (പ്രവൃ. 10:36).

ഒന്നാമതായി, പുത്രൻ പിതാവായ ദൈവത്താൽ നിയമിക്കപ്പെട്ടു (1:2); പിന്നീട് അവൻ പിതാവിനാൽ ആത്മാവുകൊണ്ട് അഭിഷേകം ചെയ്യപ്പെട്ടു (1:9); ഒടുവിൽ, ദൈവത്തിന്റെ ആദ്യജാതനായ പുത്രനാകുവാൻ പുനരുത്ഥാനത്തിൽ ദൈവത്താൽ ജനിപ്പിക്കപ്പെട്ടിട്ട് (1:5; പ്രവൃ. 13:33), ദൈവപുത്രനായിരിക്കുവാൻ പുത്രൻ നിയുക്തനാക്കപ്പെട്ട ശേഷം (റോമ. 1:4), സ്വർഗത്തിലേക്കുള്ള അവന്റെ ആരോഹണത്തിൽ അവൻ എല്ലാവരുടെയും കർത്താവായി തന്റെ ഉദ്യോഗസ്ഥാനത്തിലേക്ക് പ്രതിഷ്ഠാപനം ചെയ്തു (പ്രവൃ. 2:36). ദൈവത്താൽ അവൻ നിയമിക്കപ്പെടുകയും

അഭിഷേകം ചെയ്യപ്പെടുകയും മാത്രമല്ല, തന്റെ മഹത്വീകരണത്തിൽ ദൈവത്തിന്റെ പ്രവർത്തനം നടത്തുന്നതിനായി അവനെ കർത്താവും ക്രിസ്തുവുമായി സ്ഥാനാരോഹിതനാക്കുകയും, ദൈവത്തിന്റെ വ്യവസ്ഥയിലുള്ള സകലത്തെയും അവകാശമാക്കുന്നതിനുള്ള നിയമപരമായ അവകാശിയായി നിയുക്തനാക്കുകയും ചെയ്തു. അവൻ, അബ്രാഹാമിന്റെ പുത്രനായ യിസ്ഹാക്കിനെപ്പോലെ ഭൂമിയെയും (സങ്കീ. 2:8), രാജ്യത്തെയും (ദാനി. 7:13-14), സിംഹാസനത്തെയും (ലൂക്കോ. 1:32) സകലത്തെയും (മത്താ. 11:27) അവകാശമാക്കുവാൻ പോകുന്നു. അവൻ ദൈവപുത്രൻ മാത്രമല്ല, പിന്നെയോ ദൈവത്തിന്റെ അവകാശിയും, ദൈവത്തിന്റെ നിയമപരമായ അവകാശിപോലും ആയതിനാൽ, പിതാവായ ദൈവം താൻ ആയിരിക്കുന്നതും തനിക്കുള്ളതും എല്ലാം അവന്റെ കൈവശമാകേണ്ടതിനു വേണ്ടിയായിരുന്നു (യോഹ. 16:15). ഇതാണ് നമ്മുടെ രക്ഷകൻ, രക്ഷയാകുന്നവൻ, നാം ഈ രക്ഷയുടെ അവകാശികളാകുന്നു.

LD ➡

## II. കൂട്ടവകാശികളായിരിക്കുവാൻ രക്ഷിക്കപ്പെടുന്ന അനേകം പുത്രന്മാർ

നാം രക്ഷയുടെ അവകാശികളാണെന്ന് മനസ്സിലാക്കുന്നതിനായി, ദൈവത്തിന്റെ വ്യവസ്ഥയിൽ, ദൈവത്തിന് ആദ്യജാതനായ പുത്രനും അനേകം പുത്രന്മാരും ഉണ്ടെന്ന് നാം അറിഞ്ഞിരിക്കണം. ക്രിസ്തുവിന്റെ ജഡാവതാരത്തിനുമുമ്പ് ദൈവത്തിന് എത്ര പുത്രന്മാർ ഉണ്ടായിരുന്നു? അവന് നിസ്തുലനായ ഒരു പുത്രൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. വേദപുസ്തകത്തിൽ, ഈ പുത്രനെ ഏകജാതൻ എന്നു വിളിക്കുന്നു (യോഹ. 1:14, 18). തന്റെ ഏകജാതനായ പുത്രനെ അവൻ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രത്തോളം സ്നേഹിച്ചുവെന്ന് എല്ലാ ക്രിസ്ത്യാനികൾക്കും വളരെ പരിചിതമായ യോഹന്നാൻ 3:16 പറയുന്നു. ദൈവത്തിന്റെ ഏകജാതനായ പുത്രൻ ക്രിസ്തു ആയിരുന്നു. തന്റെ മരണത്തിനും പുനരുത്ഥാനത്തിനുംമുമ്പ് ക്രിസ്തു ആയിരുന്നു നിസ്തുലനായ ദൈവപുത്രൻ. ക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങളിലൂടെ ദൈവത്തിന്റെ അനേകം പുത്രന്മാർ ജനിച്ചുവെന്ന് പുതിയനിയമം വെളിപ്പെടുത്തുന്നു (1 പത്രൊ. 1:3). തന്റെ പുനരുത്ഥാനദിവസം അതിരാവിലെ, കർത്താവായ യേശു മറിയയോടു പറഞ്ഞു, "എന്റെ സഹോദരന്മാരുടെ അടുക്കൽ പോയി അവരോട്, എന്റെ പിതാവും നിങ്ങളുടെ പിതാവും, എന്റെ ദൈവവും നിങ്ങളുടെ ദൈവവും ആയവന്റെ അടുക്കലേക്ക് ഞാൻ ആരോഹണം ചെയ്യുന്നു എന്നു പറയുക." (യോഹ. 20:17). ആ പ്രഭാതത്തിനുമുമ്പ് അവൻ ഒരിക്കലും തന്റെ ശിഷ്യന്മാരെ സഹോദരന്മാർ എന്നു വിളിച്ചിട്ടില്ല. യോഹന്നാൻ 15-ൽ പോലും

അവൻ പറഞ്ഞു, "യജമാനൻ ചെയ്യുന്നത് എന്തെന്ന് അടിമ അറിയുന്നില്ല: എന്നാൽ എന്റെ പിതാവിൽനിന്ന് കേട്ട എല്ലാ കാര്യങ്ങളും ഞാൻ നിങ്ങളെ അറിയിച്ചിരിക്കുന്നതിനാൽ, നിങ്ങളെ സ്നേഹിതന്മാർ എന്നു വിളിച്ചിരിക്കുന്ന" (വാക്യം 15). തന്റെ പുനരുത്ഥാനത്തിനുമുമ്പ് തന്റെ ശിഷ്യന്മാരെക്കുറിച്ച് അവൻ ഉപയോഗിച്ച ഏറ്റവും ഹൃദ്യമായ പദം "സ്നേഹിതൻ" എന്നായിരുന്നു. എന്നാൽ അവന്റെ പുനരുത്ഥാനത്തിനുശേഷം, അവൻ തന്റെ ശിഷ്യകളിൽ ഒരുവളെ സന്ധിക്കുകയും തന്റെ സഹോദരന്മാരുടെ അടുത്തേക്കു പോകുവാൻ അവളോടു പറയുകയും ചെയ്തു. ഇത് സങ്കീർത്തനം 22-ൽ പ്രവചിച്ചിട്ടുണ്ടായിരുന്നു. ഈ സങ്കീർത്തനത്തിലെ ആദ്യത്തെ വാക്കുകളായ, "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?" എന്നത് താൻ ക്രൂശിലായിരുന്നപ്പോൾ കർത്താവു സംസാരിച്ചതായിരുന്നു (മത്താ. 27:46). ഈ സങ്കീർത്തനത്തിലെ ആദ്യത്തെ ഇരുപത്തൊന്നു വാക്യങ്ങൾ കർത്താവിന്റെ ക്രൂശുമരണത്തെക്കുറിച്ചു സംസാരിക്കുന്നു. പെട്ടെന്ന്, വാക്യം 22 പറയുന്നു, "ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു കീർത്തിക്കും." അവൻ മരണത്തിലൂടെ കടന്നുപോയെന്നും പുനരുത്ഥാനത്തിലേക്കു പ്രവേശിച്ചുവെന്നും ഇത് തെളിയിക്കുന്നു. അവൻ മരണ പുനരുത്ഥാനങ്ങളിലൂടെ കടന്നുപോയതിനുശേഷം, അനേകം സഹോദരന്മാർ ഉളവാക്കപ്പെട്ടു. മരണപുനരുത്ഥാനങ്ങളിലൂടെ അനേകം മണികളായിത്തീർന്ന ആ ഗോതമ്പുമണി അവനായിരുന്നു (യോഹ. 12:24). ഇപ്പോൾ ദൈവത്തിന് അനേകം പുത്രന്മാരുണ്ട്. അവന് ഒരു പുത്രൻ മാത്രമല്ല ഉള്ളത്, പ്രത്യുത ആദ്യജാതനോടുകൂടെ അനേകം പുത്രന്മാർ ഉണ്ട്. തന്റെ പുനരുത്ഥാനത്തിനുമുമ്പ് ക്രിസ്തു ദൈവത്തിന്റെ ഏകജാതനായ പുത്രനായിരുന്നു. അവന്റെ പുനരുത്ഥാനത്തിനുശേഷം, അനേകം ദൈവപുത്രന്മാർ ഉളവാക്കപ്പെട്ടതിനാൽ, അവൻ അനേകം സഹോദരന്മാരോടുകൂടെ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിത്തീർന്നു.

എന്താണ് പുത്രൻ? പുത്രൻ തന്റെ പിതാവിന്റെ ആവിഷ്കാരമാണ്. ഒരു പുത്രനെ കാണുമ്പോൾ അനേകം തവണ എനിക്ക് അവന്റെ അപ്പന്റെ മുഖം തിരിച്ചറിയുവാൻ കഴിയും, കാരണം പുത്രന്മാർ തങ്ങളുടെ അപ്പന്മാരെ ആവിഷ്കരിക്കുന്നു. പലപ്പോഴും ഒരു ചെറിയ ആൺകുട്ടിയെ ഞാൻ കാണുമ്പോൾ അവൻ ആരുടെ മകനാണെന്ന് എനിക്കറിയാം, കാരണം ഞാൻ അവന്റെ മുഖത്തേക്ക് നോക്കുമ്പോൾ അവന്റെ അപ്പന്റെ മുഖം കാണുന്നു. പിതാവ് ഒരിക്കലും പുത്രന്റെ ആവിഷ്കാരമല്ല: മറിച്ച് പുത്രനാണ് പിതാവിന്റെ ആവിഷ്കാരം. ദൈവത്തിന് എത്ര പുത്രന്മാരുണ്ട്? ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനുമുമ്പ്, ദൈവത്തിന് ഒരു

പുത്രൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇത് അർഥമാക്കുന്നത് അവന് ഏക, നിസ്തുലമായ ആവിഷ്കാരം ഉണ്ടായിരുന്നു എന്നാണ്. ഇന്ന് ദൈവത്തിന് എത്ര ആവിഷ്കാരങ്ങളുണ്ട്? അവന് അനേകം പുത്രന്മാരുള്ളതുകൊണ്ട് അവന് അനേകം ഉണ്ട്. അവന്റെ പുത്രന്മാരെല്ലാം അവന്റെ ആവിഷ്കാരമാണ്. ഇതിനെക്കുറിച്ചുള്ള അറിവ് രക്ഷയുടെ അവകാശികളെ സംബന്ധിച്ച് അറിയുന്നതിന് അടിസ്ഥാനപരമാണ്.

ദൈവത്തിന്റെ രക്ഷയിൽ നാം ദൈവത്തിന്റെ പുത്രന്മാരായിരിക്കുവാൻ ദൈവത്തിൽനിന്നു ജനിച്ചുവെന്നു മാത്രമല്ല (യോഹ. 1:12-13), "ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും" ആക്കപ്പെട്ടുമിരിക്കുന്നു (റോമ. 8:17; ഗലാ 4:7; തീത്തൊ. 3:7). ദൈവപുത്രന്മാരായി ജനിക്കുന്നത് ഒരു കാര്യവും, ദൈവത്തിന്റെ അവകാശികളാക്കപ്പെടുന്നത് മറ്റൊരു കാര്യവുമാണ്. പുത്രനും അവകാശിയും തമ്മിലുള്ള വ്യത്യാസം നിങ്ങൾക്കറിയാമോ? നിങ്ങൾ ഒരു അവകാശിയല്ലാത്ത ഒരു പുത്രനായിരിക്കാം. ഒരു പുത്രനായിരിക്കുവാൻ ജനനം ആവശ്യമാണ്; ഒരു അവകാശിയായിരിക്കുവാൻ വളർച്ചയിൽ പക്വത ആവശ്യമാണ്. ഒരു ആൺകുട്ടി അവകാശിയായിത്തീരുന്നതിനുമുമ്പ്, അവൻ പക്വത പ്രാപിക്കണം. എന്നാൽ, പക്വത പ്രാപിച്ചതിനുശേഷവും ഒരു അവകാശിയായിരിക്കുവാൻ അവൻ അപ്പോഴും പൂർണമായി യോഗ്യനായിട്ടില്ല. പക്വതയിലെത്തുന്നതിനു പുറമെ, ഒരു അവകാശി നിയമാനുസൃതമാക്കപ്പെടണം. പ്രായമനുസരിച്ച് നിങ്ങൾ പക്വതയുള്ളവനായിരിക്കാമെങ്കിലും അവകാശിയായിരിക്കുവാൻ നിയമാനുസൃതമാക്കപ്പെട്ടിട്ടുണ്ടാവില്ല. അങ്ങനെ, ഒരു അവകാശിയായിരിക്കുന്നതിനായി നിങ്ങൾ പക്വതയുള്ളവനും നിയമാനുസൃതമാക്കപ്പെട്ടവനും ആയിരിക്കണം. ഒരു വ്യക്തി ദൈവത്തിന്റെ അവകാശിയായിത്തീരുന്നതിന് അവന് മൂന്ന് കാര്യങ്ങൾ ആവശ്യമാണ്: ദൈവപൈതലായി വീണ്ടുംജനിക്കുകയും, പക്വതയിലേക്ക് വളരുകയും, നിയമാനുസൃതമാക്കപ്പെടുകയും വേണം.

ഒരു രാജാവിന് അഞ്ചു പുത്രന്മാരുണ്ടെന്ന് വിചാരിക്കുക. അവരെല്ലാവരും സിംഹാസനം അവകാശമാക്കുമോ? ഇല്ല. ആദ്യജാതൻ മാത്രമേ രാജ്യത്തിന്റെ സിംഹാസനം അവകാശമാക്കുകയുള്ളൂ. എന്നിരുന്നാലും, ആദ്യജാതൻ പക്വത പ്രാപിക്കുകയും കിരീടാവകാശിയായി നിയമിക്കപ്പെടുകയും വേണം. അപ്പോൾ അവൻ സിംഹാസനത്തിലേക്ക് നിയമപരമായ പിൻഗാമിയായിരിക്കുകയും, രാജ്യം അവകാശമാക്കുകയും ചെയ്യും. ഒരുപക്ഷേ ഇതു കേൾക്കുമ്പോൾ, "ക്രിസ്തു ആദ്യജാതനായതിനാൽ, രാജ്യത്തിന്റെ സിംഹാസനം തൊടുവാൻ നമുക്ക് യാതൊരു അവകാശവുമില്ല" എന്ന് നിങ്ങൾ പറഞ്ഞേക്കാം.. എന്നാൽ ഞാൻ ഇവിടെ

ആയിരിക്കുന്നത്, ഗ്രേറ്റ് ബ്രിട്ടന്റെ സിംഹാസനം ഒരു വ്യക്തിക്കു മാത്രമാണെങ്കിലും, സ്വർഗീയരാജ്യത്തിന്റെ സിംഹാസനം ആദ്യജാതനും അവന്റെ അനേകം സഹോദരന്മാർക്കും ഉള്ളതാണെന്നു നിങ്ങളോട് പറയുവാനാകുന്നു. നാമെല്ലാവരും അവന്റെ സഹോദരന്മാരും അവന്റെ കൂട്ടവകാശികളും ആകുന്നു. അവൻ സിംഹാസനത്തിലായിരിക്കുമ്പോൾ നാമും അവനോടുകൂടെ ഉണ്ടായിരിക്കും (വെളി. 3:21). നാം അവന്റെ സഹരാജാക്കന്മാരായിരിക്കും (വെളി. 20:4, 6).

നമ്മുടെ പിതാവ് ഒരു വലിയ പിതാവാണ്, അബ്രാഹാമിനെക്കാൾ വലിയവൻ. പിതാവായ ദൈവത്തിന്റെ അനേകം പുത്രന്മാരായ നമുക്ക് ദൈവത്തിന്റെ ആദ്യജാതനായ പുത്രനായ ക്രിസ്തുനോടുകൂടെ അവകാശം പ്രാപിക്കുവാൻ വളരെയധികമുണ്ട്. എന്നാൽ നിയമപരമായ അവകാശികളാകേണ്ടതിന് നാം ജീവനിൽ വളരുകയും പക്വത പ്രാപിക്കുകയും വേണം.

രക്ഷിക്കപ്പെട്ട ഒരു വ്യക്തിയുടെ നിയോഗം എന്താണ്? അനേകം പുത്രന്മാരെ രക്ഷിക്കുന്നതിൽ ദൈവത്തിന്റെ ഉദ്ദേശ്യം എന്താണ്? നാം അവന്റെ പുത്രന്റെ കൂട്ടവകാശികളായിരിക്കുക എന്നതാണ് അവന്റെ ഉദ്ദേശ്യം. ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ ദൈവത്തിന്റെ നിയമിക്കപ്പെട്ട അവകാശിയും, അനേകം പുത്രന്മാരായ നാം, അവന്റെ കൂട്ടവകാശികളായിരിക്കുവാൻ രക്ഷിക്കപ്പെട്ടവരുമാണ്. നമ്മുടെ രക്ഷയുടെ ദൈവകൽപ്പിതം ക്രിസ്തുവിന്റെ കൂട്ടവകാശികളായിരിക്കുക എന്നതാണ്. നാം ക്രിസ്തുവിനോടുകൂടെയുള്ള അവകാശികളാണ്! ക്രിസ്തു നിയമിക്കപ്പെട്ട അവകാശിയും, നാം അവന്റെ കൂട്ടവകാശികളും ആകുന്നു.

നാം എന്താണ് അവകാശമാക്കുവാൻ പോകുന്നത്? ക്രിസ്തുവിന്റെ കൂട്ടവകാശികളായ നാം ഭൂമിയെ അവകാശമാക്കുമെന്ന് എബ്രായർ 2 പറയുന്നു. തീർച്ചയായും, ഭൂമിയെക്കാൾ വളരെയധികമായ ചിലത് നാം അവകാശമാക്കും. സഹസ്രാബ്ദത്തിന്റെ സമയത്ത് ഭൂമിയെ അവകാശമാക്കുന്നത് സ്കൂളിൽ എല്ലാ വിഷയത്തിനും എ+ നേടുന്ന ഒരു വിദ്യാർത്ഥിക്ക് നൽകുന്ന സമ്മാനത്തിനു സമാനമായത് മാത്രമാണ്. നാം നിശ്ചയമായും ഇതിനേക്കാൾ വലുതായവ അവകാശമാക്കും. സകലവും നമുക്കുള്ളതാണെന്ന് 1 കൊരിന്ത്യർ 3:22 പറയുന്നു.

## III. കൂട്ടവകാശികൾ നിയമിക്കപ്പെട്ട അവകാശിയുടെ കൂട്ടാളികളാകുന്നു

കൂട്ടവകാശികൾ നിയമിക്കപ്പെട്ട അവകാശിയുടെ കൂട്ടാളികളാണ് (1:9). ദൈവത്തിന്റെ ആദ്യജാതനായ പുത്രനെന്ന നിലയിൽ ക്രിസ്തു ദൈവത്തിന്റെ നിയമിക്കപ്പെട്ട അവകാശിയും, ദൈവത്തിന്റെ

അനേകം പുത്രന്മാരെന്ന നിലയിൽ നാം കൂട്ടവകാശികളും ആയതിനാൽ, നാം അവന്റെ കൂട്ടാളികളാണ്. അവനും നാമും, നാമും അവനും, ദിവ്യ സ്ഥാപനത്തിൽ ഒരേ താല്പര്യങ്ങൾ പങ്കിടുന്ന ഒരു പങ്കാളിത്തത്തിലാണ്. നാം ക്രിസ്തുവിന്റെ കൂട്ടാളികളാണെന്ന് നിങ്ങൾ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? ഹല്ലേലൂയാ, നാം അവന്റെ കൂട്ടാളികളാണ്! നിങ്ങൾ ഒരു ശതകോടീശ്വരന്റെ കൂട്ടാളിയായിത്തീർന്നുവെന്ന് കരുതുക. വളരെ വലിയ സമ്പത്ത് നിങ്ങൾക്കുണ്ടെന്ന് നിശ്ചയമായും നിങ്ങൾക്ക് ഉറപ്പുണ്ടായിരിക്കും, കാരണം ശതകോടീശ്വരനുള്ളതൊക്കെയും നിങ്ങളുടേതാണ്. ഒരു വലിയ സ്ഥാപനത്തിൽ നിങ്ങൾ അവനുമായി ഒന്നാണ്. ദൈവത്തിനാണ് പ്രപഞ്ചത്തിൽ ഏറ്റവും വലിയ സ്ഥാപനമുള്ളത്. ഈ സ്ഥാപനത്തിന്റെ പേര് "ക്രിസ്തുവും സഭയും" എന്നാണ്. നാം ഈ സ്ഥാപനത്തിന്റെ കൂട്ടാളികളാണ്. നമ്മെ ഈ സ്ഥാപനം കൂലിക്കെടുത്തതല്ല, നാം കൂട്ടാളികളാണ്. മുഴുവൻ പ്രപഞ്ചത്തിൽ ദൈവത്തിന് ഒരു സ്ഥാപനം മാത്രമേയുള്ളൂ — "ക്രിസ്തുവും സഭയും" — ഈ സ്ഥാപനത്തിന് സേവിക്കുന്നവരായി ദശലക്ഷക്കണക്കിന് ദൂതന്മാരുണ്ട്. യെഹൂദന്മാർ ഇനി ദൂതന്മാരിൽ പ്രശംസിക്കരുത്; ദൂതന്മാർ നമ്മുടെ സേവകരാണ് (1:14).

Mon ➡

## IV. അനേകം പുത്രന്മാർ ചേരുന്ന ദൈവഭവനം — ബെഥേൽ

ക്രിസ്തുവിന്റെ കൂട്ടവകാശികളും അവന്റെ കൂട്ടാളികളുമായ അനേകം പുത്രന്മാർ ചേരുന്നതാണ് ബെഥേൽ എന്ന ദൈവഭവനം. ദൈവഭവനം അവന്റെ എല്ലാ പുത്രന്മാരും ചേർന്നതാണ്. നാം ക്രിസ്തുവിന്റെ കൂട്ടവകാശികളും കൂട്ടാളികളുമാണ്. നാം പുത്രന്മാരും ഭവനവുമാണ്. നാം ദൈവത്തിന്റെ പുത്രന്മാരാണെന്ന് എബ്രായർ 2:10 പറയുന്നു. നാം ദൈവത്തിന്റെ ഭവനമാണെന്ന് എബ്രായർ 3:6 പറയുന്നു. ഈ ദൈവഭവനം ജീവനുള്ള ദൈവത്തിന്റെ ജീവനുള്ള പുത്രന്മാരായ നമ്മെക്കൊണ്ടു പണിതിരിക്കുന്നതിനാൽ അത് ജീവനുള്ളതാണ്. ഇത് മൊത്തത്തിൽ ദൈവം ആത്മാവായിരിക്കുന്നതിന്റെയും നമ്മുടെ ആത്മാവിൽ വസിക്കുന്നതിന്റെയും ഒരു വിഷയമാണ്. ജീവനുള്ള ദൈവം ആത്മാവായി നമ്മുടെ വീണ്ടുംജനിച്ച ആത്മാവിൽ വസിക്കുന്നു. ഇവിടെയാണ് ഭൂമിയിലുള്ള ദൈവത്തിന്റെ ഭവനം. ഇക്കാരണത്താൽ, അത് നമ്മുടെ ആത്മാവിലുള്ള ദൈവത്തിന്റെ നിവാസമാണ് (എഫെ 2:22, Gk.).

## V. ആദ്യജാതനായ പുത്രൻ ബെഥേലിലെ സ്വർഗീയ ഗോവണിയാകുന്നു

വേദപുസ്തകത്തിൽ ദൈവത്തിന്റെ ഭവനത്തെക്കുറിച്ചുള്ള ആദ്യത്തെ പരാമർശം ഉല്പത്തി 28-ലാണ്. തിരുവെഴുത്തുകളിൽ ഒരു

കാര്യത്തെ സംബന്ധിച്ച ആദ്യത്തെ പരാമർശം ആ കാര്യത്തിന്റെ തത്ത്വം സ്ഥാപിക്കുന്നുവെന്ന് ഓർക്കുക. ഉല്പത്തി 28-ലെ ദൈവഭവനത്തെക്കുറിച്ചുള്ള പരാമർശത്തിൽ അനേകം ആത്മിക തത്ത്വങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു — എവിടെ ദൈവത്തിന്റെ ഭവനം ഉണ്ടോ അവിടെ സ്വർഗീയ ഗോവണിയുണ്ടെന്നതും, സ്വർഗീയ ഗോവണിയോടുകൂടെയുള്ള ദൈവഭവനം സ്വർഗത്തിന്റെ കവാടമാണെന്നതും, സ്വർഗത്തിന്റെ കവാടമെന്ന നിലയിൽ സ്വർഗീയ ഗോവണിയോടുകൂടെയുള്ള ദൈവഭവനം എവിടെയുണ്ടോ അവിടെ കയറുകയും ഇറങ്ങുകയും ചെയ്യുന്ന ശുശ്രൂഷകരായ ദൂതന്മാരുണ്ടെന്നതും തന്നെ. ദൈവഭവനം ഭൂമിയിൽ എവിടെയുണ്ടോ അവിടെ സ്വർഗീയ ഗോവണി ഉണ്ട്. ഈ ഗോവണി ഭൂമിയെ സ്വർഗവുമായി ബന്ധിപ്പിക്കുകയും സ്വർഗത്തെ ഭൂമിയിലേക്ക് ഇറക്കിക്കൊണ്ടു വരുകയും ചെയ്യുന്നു. സ്വർഗീയ ഗോവണിയോടുകൂടെയുള്ള സ്ഥലം സ്വർഗത്തിന്റെ കവാടമാണ്. ഇവിടെ ദൂതന്മാർ തങ്ങളുടെ സേവനം ചെയ്യുമ്പോൾ കയറുകയും ഇറങ്ങുകയും ചെയ്യുന്നു, അത് ദൈവത്തിന്റെ കവാടമെന്ന നിലയിൽ ദൈവഭവനത്തെ കരുതുന്നതിനാണ്. ഇതാണ് ഭൂമിയിൽ ദൈവഭവനത്തിന്റെ ചിത്രം.

നാം ക്രിസ്തുവിന്റെ കൂട്ടവകാശികളും, അവന്റെ കൂട്ടാളികളും, ഭൂമിയിൽ ഇന്നത്തെ ബെഥേലായ ദൈവഭവനവുമാണെന്ന് എബ്രായലേഖനത്തിൽ നമ്മോടു പറഞ്ഞിട്ടുണ്ടെന്ന് നാം ഓർക്കണം. നാം ദൈവത്തിന്റെ ഭവനമായ യഥാർഥ ബെഥേലായതിനാൽ, ക്രിസ്തു എന്ന സ്വർഗീയ ഗോവണി ഇവിടെയുണ്ട്. സ്വർഗീയ ഗോവണി ഇവിടെയുള്ളതിനാൽ, ദൂതന്മാർ തങ്ങളുടെ സേവനം ചെയ്യുമ്പോൾ ഈ ഗോവണിമേൽ കയറുകയും ഇറങ്ങുകയും ചെയ്യുന്നു. സ്വർഗീയ ഗോവണിയായ, ദൈവത്തിന്റെ ആദ്യജാതനായ ക്രിസ്തുവിനോടുകൂടെ ദൈവത്തിന്റെ അനേകം പുത്രന്മാർ ചേർന്ന ദൈവഭവനമാണ് ഇന്നു സഭ. അതുകൊണ്ട്, ഭൂമിയെ സ്വർഗത്തോടു ചേർക്കുകയും സ്വർഗത്തെ ഭൂമിയിലേക്ക് കൊണ്ടുവരുകയും ചെയ്യുന്ന സ്വർഗീയ ഗോവണിയായ ക്രിസ്തുവിനോടുകൂടെയുള്ള സ്വർഗത്തിന്റെ കവാടമാണ് സഭ. ഈ ഗോവണിയിന്മേൽ ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യവേ ശുശ്രൂഷിക്കുന്നു.

ഉല്പത്തി 28-ൽ വെളിപ്പെടുത്തിയിരിക്കുന്നത് യോഹന്നാൻ 1:51-ൽ കർത്താവായ യേശു സ്ഥിരീകരിച്ചു. "അവൻ അവനോട്, സത്യമായി, സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രനുമേൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നു പറഞ്ഞു." ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിരിക്കുവാൻ പുനരുത്ഥാനത്തിൽ ജനിപ്പിക്കപ്പെട്ടവനായ മനുഷ്യപുത്രനെന്ന

നിലയിൽ താൻതന്നെയാണ് സ്വർഗീയ ഗോവണിയെന്നും, ദൈവത്തിന്റെ അനേകം പുത്രന്മാർ ചേരുന്ന ദൈവഭവനത്തിന് തങ്ങളുടെ സേവനം ചെയ്യുമ്പോൾ അവന്റെമേലാകുന്നു ശുശ്രൂഷിക്കുന്ന ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നുതെന്നും ഇവിടെ കർത്താവായ യേശു വ്യക്തമായി നമ്മോടു പറയുന്നു.

## VI. ദൈവഭവനം സ്വർഗത്തിന്റെ കവാടമാകുന്നു

ഭൂമിയിൽ ജീവനുള്ള ദൈവത്തിന്റെ വാസസ്ഥലമായ ദൈവഭവനം എന്ന നിലയിൽ സഭ, സ്വർഗത്തിന്റെ കവാടമാണ്. ദൈവത്തിന്റെ ഭവനം എവിടെയുണ്ടോ, അവിടെ സ്വർഗീയ ഗോവണിയായ ക്രിസ്തു ഉണ്ട്. ക്രിസ്തു എവിടെയാണ്? അവൻ സ്വർഗത്തിലും, ഭൂമിയിൽ സഭയിലും ഉണ്ട്. ഇക്കാരണത്താൽ, അവൻ ഭൂമിയെ സ്വർഗത്തോടു ചേർക്കുകയും സ്വർഗത്തെ ഭൂമിയിലേക്കു കൊണ്ടുവരുകയും ചെയ്യുന്ന സഭയിലെ ഗോവണിയായിത്തീരുന്നു. ഇവിടെയാണ് നമുക്കു പാർക്കുവാനുള്ള സ്ഥലം. ദൈവത്തിന്റെ രക്ഷിക്കപ്പെട്ടവരെന്ന നിലയിൽ, ദൈവത്തിന്റെ അനേകം പുത്രന്മാരും, ക്രിസ്തുവിന്റെ കൂട്ടവകാശികളും കൂട്ടാളികളുമായ നാം ഭൂമിയിലായിരിക്കുമ്പോൾ സഭയിൽ ജീവിക്കുകയും നമ്മുടെ ആളത്തം സഭയിൽ ആയിരിക്കുകയും വേണം. ഇവിടെയാണ് നാം ദൈവത്തിന്റെ തുറന്ന സ്വർഗം ആസ്വദിക്കുന്നത്. ഇവിടെയാണ് സ്വർഗീയ ഗോവണിയായ ക്രിസ്തുവിൽ നാം പങ്കുചേരുന്നത്. ഇവിടെയാണ് എല്ലാത്തരം സേവനങ്ങളും നമുക്കു ശുശ്രൂഷിക്കുന്ന നിരവധി ദൂതന്മാർ നമുക്കുള്ളത്. എല്ലാറ്റിനുമുപരിയായി, ഇവിടെയാണ് തേജസ്സിൽ നാം ദൈവത്തെ ആവിഷ്കരിക്കുന്നത്.

## VII. രക്ഷയുടെ അവകാശികൾക്ക് ദൂതന്മാർ ശുശ്രൂഷ ചെയ്യുന്നു

പരിധിയില്ലാത്ത ദൈവപുത്രനെ സംബന്ധിച്ചു പറയുന്ന എബ്രായലേഖനത്തിന്റെ ഒന്നാം അധ്യായത്തിൽ, ഇങ്ങനെയുള്ള ഒരു മഹത്വകരമായ അദ്ധ്യായത്തിന്റെ അവസാനം, ദൂതന്മാർ നമ്മുടെ സേവകന്മാരാണെന്ന് നമ്മോട് പറഞ്ഞിരിക്കുന്നു. "അവർ [ദൂതന്മാർ] എല്ലാവരും രക്ഷ അവകാശമാക്കുവാനിരിക്കുന്നവരുടെ സേവനത്തിനായി അയച്ചിരിക്കുന്ന സേവകാത്മാക്കൾ അല്ലയോ?" ക്രിസ്തു ദൈവത്തിന്റെ അവകാശിയും, നാം ക്രിസ്തുവിന്റെ കൂട്ടവകാശികളും ആകുന്നു. അതിലുപരി, നാം ദിവ്യ താല്പര്യത്തിൽ അവന്റെ കൂട്ടാളികളാണ്. ഇത് എത്ര ഉയർന്ന പദവിയാണ്! ഇത് ദൂതന്മാരുടേതിനേക്കാൾ വളരെ ഉന്നതമാണ്. ദൈവത്തിന്റെ വ്യവസ്ഥയിൽ ദൂതന്മാർ, ക്രിസ്തുവിന്റെ കൂട്ടവകാശികളും ദൈവത്തിന്റെ നിയമിക്കപ്പെട്ട അവകാശിയുടെ കൂട്ടാളികളുമായ

നമുക്കു ശുശ്രൂഷ ചെയ്യുന്ന സേവകാത്മാക്കൾ മാത്രമാണ്. ദൈവത്തിന്റെ പ്രപഞ്ചത്തിൽ നാം ഉടമസ്ഥരും ദൂതന്മാർ നമ്മുടെ സേവകരുമാണ്. അവർ രക്ഷയുടെ അവകാശികളായ, അനേകം ദൈവപുത്രന്മാരായ നമ്മെ സേവിക്കുന്നു.

ദൂതന്മാരുടെ ശുശ്രൂഷയുടെ ചില യഥാർഥ ഉദാഹരണങ്ങൾ ഞാൻ നിങ്ങളുമായി പങ്കുവയ്ക്കട്ടെ. പത്രൊസ് കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടപ്പോൾ ഒരു ദൂതൻ വരുകയും വാതിൽ തുറന്ന് പത്രൊസിനെ കാരാഗൃഹത്തിൽനിന്നു പുറത്തേക്കു നയിക്കുകയും ചെയ്തു (പ്രവൃ. 12:5-16). പിന്നീട് പത്രൊസ് പോയി മറിയയുടെ വീടിന്റെ വാതിലിൽ മുട്ടി. രോദാ എന്ന വേലക്കാരി വാതിൽ തുറക്കുകയും വീട്ടിലുള്ളവരോട് അത് പത്രൊസ് ആയിരുന്നുവെന്ന് പറയുകയും ചെയ്തപ്പോൾ, അത് അവന്റെ ദൂതനായിരിക്കണ മെന്ന് അവർ പറഞ്ഞു. നമുക്കെല്ലാവർക്കും കുറഞ്ഞത് ഒരു ദൂതനെങ്കിലും ഉണ്ട്. മത്തായി 18:10 ഇത് തെളിയിക്കുന്നു. "ഈ ചെറിയവരിൽ ഒരുവനെ നിന്ദിക്കാതിരിക്കുവാൻ നിങ്ങൾ നോക്കിക്കൊള്ളുവിൻ, എന്തെന്നാൽ സ്വർഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ മുഖം നിരന്തരം കാണുന്നു എന്ന് ഞാൻ നിങ്ങളോടു പറയുന്നു." നമ്മുടെ സഹോദരന്മാരോട് നാം തെറ്റുചെയ്യരുത്, കാരണം അവരുടെ ദൂതന്മാർ പിതാവിന്റെ സന്നിധിയിൽ ഉണ്ട്. രക്ഷയുടെ അവകാശികൾക്ക് ശുശ്രൂഷ ചെയ്തുകൊണ്ട് ദൈവദൂതന്മാർ സ്വർഗീയ ഗോവണിയിൽ കയറുകയും ഇറങ്ങുകയും ചെയ്തു കൊണ്ടിരിക്കുന്നു. കൊർന്നേലിയസ് പ്രാർഥിച്ചുകൊണ്ടിരു ന്നപ്പോൾ അവനെ ഒരു ദൂതൻ സന്ദർശിച്ച ഉദാഹരണവും നമുക്ക് ചൂണ്ടിക്കാണിക്കുവാൻ കഴിയും (പ്രവൃ. 10:1-4). കൂടാതെ, സങ്കീർത്തനം 34:7 പറയുന്നു, "യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു." നിങ്ങൾ ദൈവത്തെ സ്നേഹിക്കുകയും അവനെ അന്വേഷിക്കുകയും ചെയ്യുന്നുവെങ്കിൽ, അവൻ നിങ്ങൾക്കു ചുറ്റും പാളയമിറങ്ങുവാൻ ദൂതന്മാരെ അയയ്ക്കും.

നാം ആരാണ്? നാം രക്ഷയുടെ അവകാശികളാണ്. ദൂതന്മാർ ആരാണ്? അവർ നിരന്തരം നമ്മെ ശുശ്രൂഷിക്കുന്ന സേവകരാണ്. നാം എങ്ങനെയാണ് ഇങ്ങനെയുള്ള അവകാശികളായിത്തീർന്നത്? ക്രിസ്തു നിമിത്തം. അവൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനും, നാം ദൈവത്തിന്റെ അനേകം പുത്രന്മാരുമാണ്. അവൻ നിയമിക്കപ്പെട്ട അവകാശിയും, നാം അവന്റെ കൂട്ടവകാ ശികളായിരിക്കുവാൻ രക്ഷിക്കപ്പെട്ടവരുമാണ്. നാം "ക്രിസ്തുവും സഭയും" എന്ന സ്വർഗീയ സ്ഥാപനത്തിൽ കൂട്ടാളികളാണ്, നമ്മെ ശുശ്രൂഷിക്കുവാൻ ദശലക്ഷക്കണക്കിന് ദൂതന്മാർ ഉണ്ട്. ഇത് കാണുന്നതിന് കർത്താവു നമ്മുടെ കണ്ണുകൾ തുറക്കട്ടെ.

ഇപ്പോൾ നമുക്ക് ഈ ദൂതിന്റെ പ്രധാന പോയിന്റുകൾ ചുരുക്കിപ്പറയാം. ദൈവത്തിന്റെ ആദ്യജാതനായ പുത്രനായ ക്രിസ്തു സകലത്തിന്റെയും നിയമിക്കപ്പെട്ട അവകാശിയാണ്. ദൈവത്തിന്റെ അനേകം പുത്രന്മാരായ നാം രക്ഷ മാത്രമല്ല അവനോടുകൂടെ സകലവും അവകാശമാക്കുന്ന അവന്റെ കൂട്ടവകാശികളാണ്. തന്മൂലം, നാം കൂട്ടാളികളും, അവനോടുകൂടെ പ്രപഞ്ചത്തിന്റെ കൂട്ടുടമസ്ഥരും ആകുന്നു, എന്നാൽ ദൂതന്മാർ അവനെക്കാൾ മാത്രമല്ല നമ്മെക്കാളും താണവരായ, നമ്മുടെ ഭൃത്യന്മാർ മാത്രമാകുന്നു. പുത്രൻ അവകാശിയായിരിക്കുവാൻ നിയമിക്കപ്പെടുകയും, നാം അവന്റെ അവകാശത്തെ പങ്കിടുന്ന, അവനുമായി കൂട്ടവകാശികളായിരിക്കുവാൻ രക്ഷിക്കപ്പെടുകയും ചെയ്തു. 2:4-ൽ പരാമർശിച്ചിരിക്കുന്ന "ഇത്ര വലിയ രക്ഷയ്ക്ക്" അവന്റെ നിയമനത്തിന്റെ പങ്കാളിത്തത്തിലേക്ക് നമ്മെ കൊണ്ടുവരുവാൻ കഴിയുന്ന അളവോളം നമ്മെ രക്ഷിക്കുവാൻ പ്രാപ്തിയുണ്ട്. അങ്ങനെ, അവൻ അവകാശമാക്കുന്നതിലെല്ലാം നാം പങ്കുകൊള്ളുന്നു. പുത്രന്റെ കൂട്ടാളികളെന്ന നിലയിൽ നാം സ്വർഗത്തിന്റെ കവാടമായ, യഥാർഥ ബെഥേലായ, ദൈവഭവനം ആകുന്നു, അവിടെ പുത്രൻ ഭൂമിയെ സ്വർഗത്തോടു ചേർക്കുകയും സ്വർഗത്തെ ഭൂമിയിലേക്ക് കൊണ്ടുവരുകയും ചെയ്യുന്ന സ്വർഗീയ ഗോവണിയാകുന്നു. ഈ ഗോവണിയിന്മേൽ ഇത്ര വലിയോരു രക്ഷയെ അവകാശമാക്കുന്ന നമ്മെ സേവക്കുന്നതിനുവേണ്ടി ദൈവത്തിന്റെ ദൂതന്മാർ സേവകാത്മാക്കളായി കയറുകയും ഇറങ്ങുകയും ചെയ്യുന്നു. എബ്രായലേഖനത്തിൽ പറഞ്ഞിരിക്കുന്നത് സ്വർഗത്തിന്റെ കവാടം പോലെയാണ്. നാം ഭൂമിയിൽ ഒരു സ്വർഗീയ ജനമായി സ്വർഗീയ ജീവിതം നയിക്കുകയും എല്ലാ സ്വർഗീയ കാര്യങ്ങളെയും അവകാശമാക്കുകയും ചെയ്യേണ്ടതിന്, നമ്മെ സ്വർഗത്തോടു ചേർക്കുകയും സ്വർഗത്തെ നമ്മിലേക്ക് കൊണ്ടുവരുകയും ചെയ്യുന്ന സ്വർഗീയനായി ഇവിടെ നാം ക്രിസ്തുവിനെ ആസ്വദിക്കുന്നു. ഇതിൽനിന്നു പിന്മാറുവാനും പഴയ മതത്തിലേക്ക് മടങ്ങിപ്പോകുവാനും ദൂതന്മാരിൽ പ്രശംസിക്കുവാനും എബ്രായ വിശ്വാസികൾക്ക് എങ്ങനെ സാധിച്ചു? ദൂതന്മാർ കേവലം നമ്മെ ശുശ്രൂഷിക്കുന്ന സേവകരാണ്, എന്നാൽ നാം ദൈവത്തിന്റെ ആശ്ചര്യകരമായ രക്ഷയുടെ മഹത്തായ അവകാശികളാണ്.